(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായമായി അനുവദിക്കുന്ന തുക അവസാനമായി പരിഷ്ക്കരിച്ചത് ഏതു വർഷമാണ്; പരമാവധി എന്തു തുകയാണ് ചികിത്സാ സഹായമായി അനുവദിക്കുന്നത്;

(ബി) അപകടമരണത്തിനിരയാകുന്നവരുടെ ആശ്രിതർക്ക് എന്തു തുകയാണ് നൽകിവരുന്നത്; ഇത് എന്നാണ് പരിഷ്ക്കരിച്ചത്;

(സി) അപകടമരണത്തിനിരയാകുന്നവരുടെ ആശ്രിതർക്ക് ധനസഹായം 10,000/- രൂപയിൽനിന്നും 30,000/- രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ചികിത്സയ്ക്കായി നൽകിവരുന്ന തുകയിലും കാലോചിതമായ മാറ്റം വരുത്താൻ സർക്കാർ തയാറാകുമോ?

ഉത്തരം

(എ) 12.3.1993-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 388/93/റവ പ്രകാരമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ചികിത്സാ സഹായം വർദ്ധിപ്പിച്ചത്. സാധാരണ രോഗങ്ങൾക്ക് 2000/- രൂപ വരെയും, ക്യാൻസർ, ഹൃദ്രോഗം, ഡയാലിസിസ് വിധേയമാകേണ്ടതായ വൃക്കരോഗങ്ങൾ എന്നിവയ്ക്ക് 5000/- രൂപവരെയും ആണ് ധനസഹായം അനുവദിച്ചുവരുന്നത്.

(ബി) അപകടമരണത്തിനിരയാകുന്ന മുതിർന്നവരുടെ കുടുംബത്തിന് 30,000/- രൂപയും പ്രായപൂർത്തിയാകാത്തവരുടെ കുടുംബത്തിന് 15,000/- രൂപയുമാണ് നൽകിവരുന്നത്. 13.4.2000 ലെ ജി.ഒ (കയ്യെഴുത്ത്)95/റവ. പ്രകാരമാണ് തുക പരിഷ്ക്കരിച്ചത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഗൾഫ് മലയാളി റിട്ടേൺസ് അസോസിയേഷന്റെ നിവേദനം

9 (663) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് മലയാളി റിട്ടേൺസ് അസോസിയേഷൻ ചില അടിയന്തിര ആവശ്യങ്ങൾ അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയിട്ടുള്ള നിവേദനം സർക്കാരിന് എന്നു ലഭിച്ചു;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത സംഘടനാ ഭാരവാഹികളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ച നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയാറാകുമോ;

(ഡി) കായംകുളം, പത്തിയൂർ കോയിക്കലേത്ത് വീട്ടിൽ ജി. സോമരാജന്റെ മകളും ബാംഗ്ലൂർ രാജീവ് ഗാന്ധി ഡന്റൽ കോളേജ് വിദ്യാർത്ഥിനിയുമായിരുന്ന ആര്യാ സോമരാജന്റെ ദുരൂഹമായ മരണം സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ഗൾഫ് മലയാളി റിട്ടേൺസ് അസോസിയേഷന്റെ നിവേദനത്തിൻമേൽ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓച്ചിറയിലുള്ള ഗൾഫ് റിട്ടേൺസ് മലയാളി അസോസിയേഷൻ എന്ന ഒരു സംഘടനയുടെ ഒരു നിവേദനം 22.5.2000-ൽ സർക്കാരിന് ലഭിച്ചു.

(ബി) പ്രസ്തുത നിവേദനം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഇല്ല. ചർച്ചയ്ക്ക് ആവശ്യപ്പെട്ടിട്ടില്ല. പ്രവാസികേരളീയരുടെ കാതലായ പ്രശ്നങ്ങളിൽ ചർച്ച നടത്തുന്നതിന് സർക്കാർ സന്നദ്ധമാണ്.

(ഡി) ആര്യാ സോമരാജന്റെ ദുരൂഹമരണം സി.ബി.ഐ. യെകൊണ്ട് അന്വേഷിപ്പിക്കണമെന്ന ഗൾഫ് മലയാളി റിട്ടേൺസ് അസോസിയേഷന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടില്ല.

എന്നാൽ ആര്യയുടെ മരണം സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണം എന്ന ആവശ്യം ഒരു സബ്മിഷനായി ഈ നിയമസഭയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം കർണ്ണാടക സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

അടിയന്തിരാവസ്ഥക്കാലത്തെ രാഷ്ട്രീയ തടവുകാർ

10 (664)ശ്രീ. പി.വി. സുലൈമാൻ റാവുത്തർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിയന്തിരാവസ്ഥക്കാലത്ത് എത്ര രാഷ്ട്രീയ തടവുകാർ കേരളത്തിലെ ഏതൊക്കെ ജയിലുകളിൽ കിടന്നതായി ജയിൽ റിക്കാർഡ് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അടിയന്തിരാവസ്ഥയിൽ ലോക്കപ്പിലും, ജയിലിലും മർദ്ദനത്തിനു വിധേയരായി രോഗികളായി ഇന്നു ജീവിച്ചിരിക്കുന്നവർക്ക് ദുരിതാശ്വാസം നൽകുവാനും ചികിത്സിക്കുവാനും സർക്കാരിനു പദ്ധതിയുണ്ടോ;

(സി) അടിയന്തിരാവസ്ഥയിൽ ലോക്കപ്പ് മർദ്ദനത്തിൽ മരിച്ചവരുടെ ആശ്രിതർക്കും രോഗികളായവർക്കും നഷ്ടപരിഹാരം നൽകുവാൻ സർക്കാർ തയാറാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

തസ്തികമാറ്റത്തിനുള്ള നിയമത്തിന് ഭേദഗതി

11 (665)ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തസ്തികമാറ്റം വഴി അസിസ്റ്റന്റ് ഗ്രേഡ് - 1 ആയി ടൈപ്പിസ്റ്റ്, സി.എ. തസ്തികയിലുള്ളവർക്ക് നിയമനം ലഭിക്കാനുള്ള നിയമത്തിന് ഭേദഗതി വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവായോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഭേദഗതി ഉത്തരവ് എന്നത്തേയ്ക്ക് പുറപ്പെടുവിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly